**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 749** **24-08-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്ക് വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സ്ഥാപനങ്ങളിൽ ബാധ്യതയുള്ളവരിൽ രോഗികൾ, മരണം സംഭവിച്ചവർ എന്നിവരെ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി സഹായം നൽകുന്നതിനുള്ള അപേക്ഷകളിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത ശേഷം വായ്പക്കാർക്ക് ഗുരുതരമായ അസുഖമോ, മരണമോ സംഭവിച്ചാൽ ബോർഡിന്റെ നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായി വായ്പകാർക്ക് ചികിത്സാ സഹായവും മരണാനന്തര സഹായവും അനുവദിച്ച് വരുന്നുണ്ട്. ടി അപേക്ഷകളിൽ ബോർഡിന്റെ തൃശ്ശൂർ മേഖലാ ആഫീസിലും എറണാകുളം മേഖലാ ആഫീസിലും തീർപ്പ് കൽപ്പിക്കാനുള്ള ഫയലുകൾ കുടിശ്ശികയായിട്ടുണ്ട്. കുടിശ്ശിക ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ബോർഡിൽ ഫയൽ അദാലത്ത് നടപ്പിലാക്കി വരികയാണ്. |
| (ബി) | പ്രസ്തുത അപേക്ഷകളിന്മേൽ അടിയന്തര നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ബി) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത ശേഷം വായ്പക്കാർക്ക് ഗുരുതരമായ അസുഖമോ, മരണമോ സംഭവിച്ചാൽ ബോർഡിന്റെ നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായി വായ്പകാർക്ക് ചികിത്സാ സഹായവും മരണാനന്തര സഹായവും അനുവദിച്ച് വരുന്നുണ്ട്. ടി അപേക്ഷകളിൽ ബോർഡിന്റെ തൃശ്ശൂർ മേഖലാ ആഫീസിലും എറണാകുളം മേഖലാ ആഫീസിലും തീർപ്പ് കൽപ്പിക്കാനുള്ള ഫയലുകൾ കുടിശ്ശികയായിട്ടുണ്ട്. കുടിശ്ശിക ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ബോർഡിൽ ഫയൽ അദാലത്ത് നടപ്പിലാക്കി വരികയാണ്. |
| (സി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും ഈ വിഭാഗത്തിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിലേക്കായി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും ആകെ 323 അപേക്ഷകൾ ബോർഡിൽ ലഭ്യമാക്കിയിട്ടുണ്ട്.<br><br>പ്രസ്തുത 323 അപേക്ഷകളിൽ അർഹതപ്പെട്ട 202 വായ്പക്കാർക്ക് 1,63,66,250/- രൂപ റിസ്ക്ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. 85 അപേക്ഷകൾ |

| | | | |
|---|---|---|---|
| | | | ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ നിരസിച്ചിട്ടുള്ളതും 28 അപേക്ഷകൾ വിവിധ സഹകരണ ബാങ്ക്/ സംഘത്തിൽ നിന്നും ന്യൂനത പരിഹരിച്ച് ലഭിക്കാനുള്ളതും 8 അപേക്ഷകൾ ഇനി ബോർഡിൽ നിന്നും നടപടികൾ സ്വീകരിക്കാനുള്ളതുമാണ്. |
| (ഡി) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്ന ആളുകൾ മരണപ്പെടുകയോ അപകടം സംഭവിക്കുകയോ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത തരത്തിൽ ഗുരുതരരോഗം ബാധിക്കപ്പെടുകയോ ചെയ്താൽ അവരുടെ കുടുംബങ്ങളെ സഹായിക്കുന്ന തരത്തിൽ എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം വായ്പയിൽ ബാക്കി നിൽക്കുന്ന ബാദ്ധ്യതയിൽ നിന്ന് വായ്പക്കാരെ ഒഴിവാക്കുന്നതിനു വേണ്ടിയാണ് റിസ്ക്ഫണ്ട് ധനസഹായം നൽകി വരുന്നത്.<br><br>കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി പ്രകാരം വായ്പക്കാരൻ മരണപ്പെട്ടാൽ അന്നേ ദിവസം ബാക്കി നിൽപ്പുള്ള വായ്പാ മുതലിൽ മരണാനന്തര സഹായമായി പരമാവധി 2 ലക്ഷം രൂപയും, വായ്പയെടുത്ത ശേഷം മാരകരോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പ് മുതലിൽ പരമാവധി ചികിത്സാ ധനസഹായമായി 1 ലക്ഷം രൂപയുമാണ് ഇപ്പോൾ അനുവദിച്ചു വരുന്നത്.<br><br>വായ്പക്കാരന്റെ വായ്പാ കണക്കിൽ വരവു വയ്ക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട ബാങ്കിനാണ് തുക അനുവദിക്കുന്നത്. |
| (ഇ) | സഹകരണ വായ്പകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | ഇക്കാര്യം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ